പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 946 **14-10-2026-ൽ മറുപടിയ്ക്ക്**

കുടിവെള്ള ലഭ്യതയും ജൽ ജീവൻ മിഷനും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതി വഴി ഇതുവരെ എത്ര ഗാർഹിക കുടിവെള്ള കണക്ഷനുകൾ പൂർത്തീകരിച്ചിട്ടുണ്ട്; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട വിഹിതവും റോഡ് പുനരുദ്ധാരണ തുകയും സംബന്ധിച്ച തർക്കങ്ങൾ കാരണം പദ്ധതി നിന്നുപോയ മേഖലകളിൽ പണികൾ പുനരാരംഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

മറുപടി: എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ (JJM). കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, നിലവിൽ JJM 2.0 പ്രകാരം മിഷൻ കാലാവധി 2028 ഡിസംബർ വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). ജൽ ജീവൻ മിഷനിലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.60 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 70.08 ലക്ഷം വീടുകളിൽ 39.07 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.0%).

മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഇതുവരെ സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി, ശേഷിക്കുന്ന, പുരോഗമിക്കുന്നതും ഇതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ക്രമീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്.

- നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷൻ
- പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ HTC-കളും പ്രവർത്തനക്ഷമമാക്കുക.
- പരമാവധി FHTC നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാനും കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.
- ഫീൽഡിലെ അവസ്ഥയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാ നിലകൾ പരിഷ്കരിച്ച് പ്രവർത്തികൾ പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യത്തിലെത്തിക്കുക.

പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനായി വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനം നടത്തി വരുന്നുണ്ട്. സംസ്ഥാനതലത്തിൽ മിഷൻ ഡയറക്ടർക്കു പുറമേ ഉന്നതാധികാര സമിതിയായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനമിഷനും ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ ജല ശുചിത്വ മിഷനും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ഗ്രാമപഞ്ചായത്ത് ജല ശുചിത്വ കമ്മിറ്റികളും പ്രവർത്തികളുടെ മേൽ നോട്ടത്തിനായി രൂപീകരിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും പ്രവർത്തികളുടെ നിരന്തര വിലയിരുത്തലുകളിലൂടെയും തടസ്സങ്ങൾ നീക്കി പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) വേനൽക്കാലത്ത് കഠിനമായ കുടിവെള്ളക്ഷാമം നേരിടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകളിൽ കുടിവെള്ളം തടസ്സമില്ലാതെ എത്തിക്കാൻ വാട്ടർ അതോറിറ്റി എന്തെല്ലാം പ്രത്യേക സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

<u>മറുപടി:</u> വേനൽക്കാലത്ത് തീരദേശ, മലയോര, ആദിവാസി മേഖലകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി വിതരണ മേഖലയെ വിവിധ സോണുകളായി തിരിച്ച് ഓരോ സോണിലും നിശ്ചിത ഇടവേളകളിൽ എല്ലാ ഉപഭോക്താക്കൾക്കും ജലം ലഭ്യമാകുന്ന വിധം ജലവിതരണം നടത്തി വരുന്നു. ലഭ്യമായ ജലസ്രോതസ്സുകളിലെ ജലനിരപ്പ് നിരീക്ഷിച്ച് അതിനനുസരിച്ച് പമ്പിംഗ് ക്രമീകരിക്കുകയും, ആവശ്യമായ സാഹചര്യങ്ങളിൽ പമ്പിംഗ് സമയം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ജലശുദ്ധീകരണശാലകളും പമ്പ് സെറ്റുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനൊപ്പം, വിതരണ ശൃംഖലയിലെ ചോർച്ചകൾ റണ്ണിങ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ് ഉൾപ്പെടെയുള്ള സംവിധാനങ്ങളിലൂടെ അടിയന്തരമായി പരിഹരിച്ച് ജലനഷ്ടം കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുന്നു. കൂടാതെ, കിണറുകൾ, ഗ്യാലറികൾ, ജലനിർഗമന ചാലുകൾ എന്നിവ വൃത്തിയാക്കുക, പൈപ്പുകളിലും ഗ്യാലറികളിലും അടിഞ്ഞുകൂടുന്ന ചെളി നീക്കം ചെയ്യുക, ആവശ്യമായ ഇടങ്ങളിൽ താൽക്കാലിക തടയണകൾ സ്ഥാപിക്കുക, നിരന്തരം പൊട്ടുന്ന പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കും മുൻഗണന നൽകുന്നു. ജലക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനാവശ്യമായ വെന്റിങ് പോയിന്റുകളും സജ്ജീകരിച്ചിട്ടുണ്ട്. വേനൽക്കാലത്തു അടിയന്തര പരാതികൾക്ക് വേഗത്തിൽ പരിഹാരം കാണുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സംവിധാനം ഒരുക്കുന്നതും പരിഗണനയിലാണ്. ജലമോഷണവും ദുരുപയോഗവും തടയുന്നതിനുള്ള നിരീക്ഷണം ശക്തിപ്പെടുത്തുന്നതിനും ജലത്തിന്റെ സൂക്ഷ്മവും ഉത്തരവാദിത്വ പൂർണവുമായ ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളിൽ അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടലും അതുവഴിയുള്ള കുടിവെള്ള പാഴാകലും തടയുന്നതിന് പഴക്കമുള്ള പ്രധാന വിതരണ പൈപ്പുകൾ മാറ്റാൻ എന്തെങ്കിലും പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പദ്ധതിയുണ്ടോ?

<u>മറുപടി:</u> കാലപ്പഴക്കമുള്ള പ്രധാന വിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് അമൃത്, സ്റ്റേറ്റ് പ്ലാൻ, കിഫ്ബി എന്നീ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതികളിലൂടെ പൈപ്പുകൾ മാറ്റി സ്ഥാപിച്ചു വരുന്നു. കൂടാതെ ജല ജീവൻ മിഷൻ വഴി എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ളം എത്തിക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ